**ജീവിതം ആത്മശരീര മനസ്സുകളുടെ വിശുദ്ധീകരണവും അതിലുള്ള വളർച്ചയുമാണ് : ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത**

റാന്നി : ക്രൈസ്തവ ജീവിതം ആത്മശരീര മനസ്സുകളുടെ വിശുദ്ധീകരണവും അതിലുള്ള വളർച്ചയുമാണെന്നും ക്രൈസ്തവ ആദ്ധ്യാത്മിക രംഗത്ത് എക്കാലത്തെയും ചർച്ചയുടെയും അന്വേഷണത്തിന്റെയും വിഷയം വിശുദ്ധിയാണെന്നും നിലയ്ക്കൽ ഭദ്രസനാധിപൻ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത പറഞ്ഞു. റാന്നി സെന്റ് തോമസ് അരമനയിൽ നടന്ന നിലയ്ക്കൽ ഭദ്രാസന ശുശ്രൂഷകസംഘം വാർഷിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അഭിവന്ദ്യ തിരുമേനി. പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് പ്രിൻസിപ്പാൾ പ്രൊഫ.ഡോ.മാത്യൂസ് പി.ജോസഫ് സമ്മേളനം ഉദ്ഘാടനം ചെയ്തു. വി.മദ്ബഹായിലെ ശുശ്രൂഷകർ ആത്മീകതയുടെ കാവൽക്കാരാണെന്നും അവർ മലങ്കര സഭയ്ക്ക് നൽകുന്ന സേവനം വിലമതിക്കാനാവാത്തതാണെന്നും അദ്ദേഹം പറഞ്ഞു. കേരള എസ്.സി.എം ചെയർപേഴ്സൺ റവ.ഫാ.യൂഹാനോൻ ജോൺ, ആമോസ് ജനറൽ സെക്രട്ടറി പ്രൊഫ.ബാബു വർഗീസ്, നിലയ്ക്കൽ ഭദ്രാസന വൈദികസംഘം ജോയിന്റ് സെക്രട്ടറി റവ.ഫാ.കെ.എ.ചെറിയാൻ എന്നിവർ ക്ലാസ്സ് നയിച്ചു. ഭദ്രാസന സെക്രട്ടറി റവ.ഫാ.ഷൈജു കുര്യൻ, ഭദ്രാസന കൗൺസിൽ അംഗം റവ.ഫാ.ജോജി മാത്യു, ശുശ്രൂഷകസംഘം വൈസ്പ്രസിഡന്റ് റവ.ഫാ.ജോബ് എസ്.കുറ്റിക്കണ്ടത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു. ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ.സജി. സി.സി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ഭദ്രാസനത്തിലെ മുതിർന്ന ശുശ്രൂഷകരെ സമ്മേളനത്തിൽ ആദരിച്ചു.